**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2969** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളായി മാറ്റുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. വി. അൻവർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളുമായി മാറ്റുന്നതിനായി പ്രത്യേകമായ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; എത്രത്തോളം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ; | (എ) | പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉത്പാദന കേന്ദ്രങ്ങളുമാക്കി മാറ്റുന്നതിനായി 'വരുമാന വീട്' എന്ന പരിപാടി 2024-25 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പരിപാടി പൈലറ്റ് അടിസ്ഥാനത്തി ൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി 2 കോടി രൂപ 2024-25 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളെ മതിയായ വരുമാനം ലഭിക്കുന്ന വിധത്തിൽ ഉചിതമായ വ്യവസായങ്ങളുടെ/വൻ ഉത്പാദനകേന്ദ്രങ്ങളുടെ/സേവനദാതാക്കളുടെ/ ഉത്പാദന യൂണിറ്റുകളായി മാറ്റാനുള്ള സാധ്യത പദ്ധതിയിലൂടെ പരിശോധിക്കാവുന്നതാണ്. പ്രസ്തുത പരിപാടിയിൽ പട്ടികജാതി വനിതകൾക്ക് മുൻഗണന നൽകുകയും പദ്ധതിക്കാവശ്യ മായ കൈത്താങ്ങും പിന്തുണയും CMD, സ്റ്റാ ർട്പ്പുകൾ, പട്ടികജാതി സംരംഭകരുടെ ഗ്രൂപ്പ കൾ തുടങ്ങിയ ഏജൻസികൾ നൽകുകയും ചെയ്യും. |
| (ബി) | പട്ടികജാതി കുടുംബങ്ങളിലെ ഭിന്നശേഷിക്കാരുടെ സാമൂഹ്യസാമ്പത്തിക ശാക്തീകരണത്തിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | പട്ടികജാതി കുടുംബങ്ങളിലെ ഭിന്നശേഷിക്കാരുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിനായി ABLE Kerala എന്ന നൂതന ആശയം 2024-25 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഭിന്നശേഷിയുള്ള പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസത്തിനും ശാക്തീകരണത്തിനും ഊന്നൽ നല്കുന്നതാണ് പ്രസ്തുത പരിപാടി.<br><br>സംസ്ഥാന സാമൂഹിക സുരക്ഷാ മിഷനും സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും ചേർന്ന് 2024-25 സാമ്പത്തിക വർഷം ടി പരിപാടി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ